ന്നതാണ്. അതാണ് ഞാൻ മുമ്പ് പറഞ്ഞത് പോലീസ് ഒരു ഓഫീസറെ പ്രത്യേകം വേണമെന്ന് ആവശ്യപ്പെട്ടിരുന്നുവെന്ന്. ഒരു ഓഫീസറെ പ്രത്യേകമായിട്ട് ഒാവറോൾ കൺട്രോളിന് വേണ്ടി വിട്ടു കിട്ടണമെന്ന് പറഞ്ഞ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയിട്ടുണ്ട്. എവിടെയെങ്കിലും പോലീസ് സഹായം ആവശ്യപ്പെട്ടിട്ട് കിട്ടാതെ വരുന്നു എന്ന് പ്രോജക്ട് ഓഫീസർ പറയുന്നു എങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ സഹായം കൊടുക്കാൻ തയ്യാറാണ്.

ശ്രീ. രമേശ് ചെന്നിത്തല:- പ്രോജക്ട് അഡൈ്വസറി ബോർഡുകൾ സമയാസമയങ്ങളിൽ കൂടാറില്ല. അതോടൊപ്പംതന്നെ ഈ പോലീസ് സംവിധാനത്തിൽ സ്ക്വാഡായിട്ട് പോകുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ആരും പോകാൻ തയ്യാറാകുകയില്ല. പോകുന്നവർ തന്നെ യാതൊരു കാര്യക്ഷമതയും കാണിക്കുന്നില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ.ആർ. ഗൗരി അമ്മ:- പ്രോജക്ട് അഡൈ്വസറി കമ്മിററി കൂടാറില്ലെന്ന് പറയാൻ പ്രോജക്ട് അഡൈ്വസറി കമ്മിററിക്ക് ആളിനെ തരേണ്ടേ? ആളിനെ ചോദിച്ചിട്ട് ഐ. എൻ. ററി. യു. സി. ഉൾപ്പെടെ താമസിച്ചാണ് തന്നത്. ചിലയിടത്ത് ഇപ്പോഴും തന്നിട്ടില്ല. ഉള്ള ആളുകളെ വെച്ച് ഇപ്പോൾ ഞാൻ advisory കമ്മിററി സംഘടിപ്പിച്ചതേയുള്ളു. നോട്ടിഫൈ ചെയ്തുകഴിഞ്ഞപ്പോൾ കൂടുന്നില്ലെന്ന് പറഞ്ഞു. നമ്മൾ എന്തിനാണ് പരാതി പറയുന്നത്? അടുത്തകാലത്താണ് നോട്ടിഫൈ ചെയ്തത്. ട്രേഡ് യൂണിയൻകാർ ആളിന്റെ പേര് തരുന്നില്ല. അതാണ് ഇതിന് തടസ്സമായിട്ട് വന്നത്. അത് കൂടാറില്ലെന്ന് പറയുന്നത് ശരിയല്ല. കൂടാൻ പോകുന്ന ആളുകളെ ഇപ്പോൾ അഡൈ്വസറി കമ്മിററിയാക്കി നമ്മൾ സംഘടിപ്പിച്ചവരെ നേരത്തെതന്നെ അവർ അഡ്വാൻസായി റിമാർക്ക് പാസാക്കുകയായിരിക്കും. അവർ കൂടാൻ പോകുന്നതേയുള്ളു. കൂടുന്നില്ലെന്ന് പറയുന്നു. പോലീസോ മററുള്ളവരോ കൂടിക്കഴിഞ്ഞതിനുശേഷം എന്ത് സഹായം വേണമെന്ന് പറഞ്ഞാലും ഗവൺമെന്റ് അത് ചെയ്തുകൊടുക്കാൻ തയ്യാറാണ്.

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### ഓഡിററർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പരിശോധന

* 7 [286] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, പി. രവീന്ദ്രൻ:
,, ജെ. ചിത്തരഞ്ജൻ:
,, സത്യൻ മൊകേരി:
,, കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിററർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1982 മുതൽ 1986 വരെയുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതുവരെ ഏതെല്ലാം വിഷയത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ട്;

(സി) അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും നിയമവും വകുപ്പ് മന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ):

(എ), (ബി) ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ ഡി. പി. ഐ.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഗവൺമെന്റ് പ്രസ്തുത റിപ്പോർട്ട് പ്രതീക്ഷിച്ചിരിക്കുകയാണ്.

## കർഷക തൊഴിലാളി പെൻഷൻ പദ്ധതി

* 8 [287] ശ്രീ. കെ. ജെ. തോമസ്:
,, എ. കണാരൻ:
,, സി. ടി. കൃഷ്ണൻ:
,, സി. പി. നാരായണൻ:
,, എം. സത്യനേശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്താണെന്ന് അറിയിച്ചിട്ടുണ്ടോ;

(സി) കർഷകത്തൊഴിലാളികളുടെ മിനിമം കൂലി നടപ്പാക്കുന്നതിനുവേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം കേന്ദ്രഗവൺമെന്റ് നൽകുന്നുണ്ടോ;

(ഡി) ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കുവാനുള്ള കുടിശ്ശിക എത്രയാണ്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ക്ഷേമ പദ്ധതികൾക്കായി സംസ്ഥാന ഗവൺമെന്റ് ചെലവിടുന്ന തുകയുടെ അൻപതു ശതമാനം കേന്ദ്ര സഹായമായി ലഭിക്കണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതേവരെ അറിയിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly